روضة الخطباء
റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്
നാളെക്ക് വേണ്ടി സമ്പാദിച്ച മുൻഗാമികൾ.
sufaraulislam.com
12/08/2022

بسم الله الرحمن الرحيم

- ഒരു മനുഷ്യന്റെ അത്യന്തിക ലക്ഷ്യം എന്നത് സ്വർഗം നേടുക എന്നതാണ്.
- അതാണ് ഏറ്റവും വലിയ വിജയം.

كُلُّ نَفْسٍ ذَائِقَةُ الْمَوْتِ وَإِنَّمَا تُوَفَّوْنَ أُجُورَكُمْ يَوْمَ الْقِيَامَةِ فَمَن زُحْزِحَ عَنِ النَّارِ وَأُدْخِلَ الْجَنَّةَ فَقَدْ فَازَ وَمَا الْحَيَاةُ الدُّنْيَا إِلَّا مَتَاعُ الْغُرُورِ ﴿١٨٥/٣﴾

- നാം നേടിയെടുക്കുന്ന സ്വർഗത്തിന്റെ മഹത്വം

عَنْ سَهْلِ بْنِ سَعْدٍ السَّاعِدِيِّ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : مَوْضِعُ سَوْطٍ فِي الْجَنَّةِ خَيْرٌ مِنَ الدُّنْيَا وَمَا فِيهَا (البخاري)

സ്വർഗ്ഗത്തിൽ ഒരു ചാട്ടവാർ വെക്കാനുള്ള ഇടം ലഭിക്കുന്നതാണ്, ദുനിയാവും അതിനുള്ള എല്ലാ വസ്തുക്കളും ലഭിക്കുന്നതിനേക്കാൾ ഉത്തമം.
അല്ലാഹു നന്മയിൽ മുന്നേറാനാണ് വിശ്വാസികളോട് ആവശ്യപ്പെടുന്നത്.

**നബി (സ്വ) പറഞ്ഞു;**

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللهِ ﷺ قالَ :بادِرُوا بالأعْمالِ فِتَنًا كَقِطَعِ اللَّيْلِ المُظْلِمِ، يُصْبِحُ الرَّجُلُ مُؤْمِنًا ويُمْسِي كافِرًا، أوْ يُمْسِي مُؤْمِنًا ويُصْبِحُ كافِرًا، يَبِيعُ دِينَهُ بِعَرَضٍ مِنَ الدُّنْيا

**അല്ലാഹു പറഞ്ഞു**

وَسَارِعُوا إِلَىٰ مَغْفِرَةٍ مِّن رَّبِّكُمْ وَجَنَّةٍ عَرْضُهَا السَّمَاوَاتُ وَالْأَرْضُ أُعِدَّتْ لِلْمُتَّقِينَ ﴿١٣٣/٣﴾

- ഈയൊരു സ്വർഗത്തിനു വേണ്ടി ആത്മാർത്ഥമായി നന്മയിൽ മുന്നേറിയ ഒരുപാട് മുൻഗാമികൾ നമുക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്.
- അത്തരം ചില ചരിത്രങ്ങളിലൂടെ നമ്മുടെ ജീവിതം ചിട്ടപ്പെടുത്താനുള്ള ഓർമപ്പെടുത്തലാണ് ഇന്നത്തെ ഖുത്ത്ബ.

**1. ക്ഷമിക്കാൻ ഞാൻ തയ്യാറാണ്.**

ശക്തമായ വേദനകളും പ്രയാസങ്ങളും നേരിടുമ്പോഴും, പട്ടിണികൊണ്ട് പ്രയാസപ്പെട്ടപ്പോളും അപ്പോഴെല്ലാം സലഫുകൾക്ക് സമാധാനവും ആശ്വാസവും ലഭിച്ചിരുന്നത് സ്വർഗത്തെ പറ്റി ഓർക്കുമ്പോഴാണ്.

- ഒരിക്കൽ നബി (സ) യുടെ സദസ്സിലേക്ക് ഒരു കറുത്തവർഗ്ഗക്കാരിയായ സ്ത്രീ വളരെ ദൂരം യാത്ര ചെയ്ത് വന്ന് നബിയോട് ഒരു പരാതി പറയുന്നു.

أَتَتِ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، فَقَالَتْ : إِنِّي أُصْرَعُ، وَإِنِّي أَتَكَشَّفُ، فَادْعُ اللَّهَ لِي. قَالَ : إِنْ شِئْتِ صَبَرْتِ وَلَكِ الْجَنَّةُ، وَإِنْ شِئْتِ دَعَوْتُ اللَّهَ أَنْ يُعَافِيَكِ. فَقَالَتْ : أَصْبِرُ. فَقَالَتْ : إِنِّي أَتَكَشَّفُ، فَادْعُ اللَّهَ أَنْ لَا أَتَكَشَّفَ. فَدَعَا لَهَا

നബിയെ എനിക്ക് ഒരു രോഗം ഉണ്ട് . ആ രോഗം മൂലം ഞാൻ ബോധം കെട്ട വീഴുകയാണ്. അതുകൊണ്ട് നബിയെ എനിക്ക് വേണ്ടി പ്രാർത്ഥിക്കണം നബി (സ) പറഞ്ഞു:- ഞാൻ പ്രാർത്ഥിച്ചാൽ നിന്റെ അസുഖം മാറും എന്നാൽ ക്ഷമിക്കാൻ തയ്യാറുണ്ടോ പകരം അല്ലാഹുവിന്റെ സ്വർഗ്ഗമാണ്.

- ക്ഷമിച്ചാൽ സ്വർഗ്ഗം ആണെന്ന് കേട്ടപ്പോ പിന്നെ അവർ ഒന്നും ആലോചിച്ചില്ല അവരതിൽ ക്ഷമിക്കാൻ തയ്യാറായി.

قَالَ لِي ابْنُ عَبَّاسٍ : أَلَا أُرِيكَ امْرَأَةً مِنْ أَهْلِ الْجَنَّةِ ؟ قُلْتُ : بَلَى. قَالَ : هَذِهِ الْمَرْأَةُ السَّوْدَاءُ،

ഇതിനുശേഷം ഇബ്നു അബ്ബാസ് (റ) عطاء بن أبي رباح യോട് പറഞ്ഞു :- നിനക്ക് സ്വർഗത്തിന് അവകാശിയായ ഒരു സ്ത്രീയെ കാണണമോ എന്നിട്ട് അബ്ബാസ് (റ) ആ കറുത്ത വർഗക്കാരി ആയ സ്ത്രീയെ കാണിച്ചുകൊടുത്തു.

- സ്വർഗമെന്ന മഹത്തായ ലക്ഷ്യത്തിന് വേണ്ടി തന്റെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹിക്കാനും ക്ഷമിക്കാനും ആ മഹതി തയ്യാറായി...
- നമ്മുടെ ജീവിതത്തിൽ പ്രയാസങ്ങൾ വന്നപ്പോൾ സ്വർഗം ആഗ്രഹിച്ച് ക്ഷമിക്കാനും നമുക്ക് സാധിച്ചിട്ടുണ്ടോ?
- അല്ലാഹു പറഞ്ഞത്; (ഖുർആൻ :13/22)

**2. സ്വർഗത്തിൽ നബി (സ്വ) യുടെ സാമിപ്യം വേണം.**

- നബിക്ക് എല്ലാവിധ സേവനം ചെയ്തു കൊടുത്ത സ്വഹാബിയായിരുന്ന റബീഅ (റ)
- ഒരിക്കൽ നബിക്ക് وضوء ചെയ്യാനുള്ള വെള്ളം അദ്ദേഹം കൊണ്ടുവന്ന് കൊടുത്തപ്പോൾ അദ്ദേഹത്തോട് നബി (സ) ചോദിച്ചു :- നിനക്ക് എന്താണ് വേണ്ടത് ? അദ്ദേഹത്തിന് ആ സമയത്ത് എന്തു വേണമെങ്കിൽ പറയാമായിരുന്നു.

○ നല്ലൊരു വീട് വേണം

○ ഒരുപാട് പണം വേണം

○ നല്ലൊരു ഇണയെ വേണം

പക്ഷേ അദ്ദേഹം പറഞ്ഞത് ?

حَدَّثَنِي رَبِيعَةُ بْنُ كَعْبٍ الْأَسْلَمِيُّ قَالَ : كُنْتُ أَبِيتُ مَعَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، فَأَتَيْتُهُ بِوَضُوئِهِ وَحَاجَتِهِ، فَقَالَ لِي : سَلْ. فَقُلْتُ: أَسْأَلُكَ مُرَافَقَتَكَ فِي الْجَنَّةِ. قَالَ : أَوَغَيْرَ ذَلِكَ ؟ قُلْتُ : هُوَ ذَاكَ. (مسلم)

സ്വർഗ്ഗത്തിൽ നിങ്ങളുടെ സാമീപ്യം വേണമെന്നതാണ്.

അതായിരുന്ന മുൻഗാമികൾ.

സ്വർഗത്തിന് വേണ്ടി ശരീരമോ സമ്പത്തോ ചെലവഴിക്കാൻ അവർക്കു മടിയുണ്ടായിരുന്നില്ല.

**3. എന്റെ സമ്പത്ത് ഞാൻ ഇവിടെ ഉപേക്ഷിച്ചു പോകുന്നു.**

ഹിജ്റ പോകാൻവേണ്ടി സുഹൈബ് റൂമി (റ) തയ്യാർ ആയപ്പോൾ ശത്രുക്കൾ അദ്ദേഹത്തെ പിടിച്ചു വയ്ക്കുന്നുണ്ട്.

أتيْتَنا صُعْلوكًا حقيرًا ، فكثُرَ مالُكَ عندنا ، وبلغْتَ الذي بلغْتَ ، ثُمَّ تريدُ أنْ تخرجَ بمالِكَ ونفسِكَ، واللهِ لا يكونُ ذلِكَ ، فقال لهم صهيبٌ : أرأيتم إنْ جعلْتُ لكم مالي أتُخلُّون سبيلي ؟ قالوا : نعم، قال : فإنِّي قَدْ جعلْتُ لكم مالي . فبلغ ذلِكَ رسولَ اللهِ صلَّى اللهُ عليه وسلَّمَ فقال : ربِحَ صهيبٌ.

മക്കക്കാർ അദ്ദേഹത്തോട് പറയാണ് നീ മക്കയിൽ എത്തിയപ്പോൾ ദരിദ്രനായിരുന്നു. ഇന്ന് നിനക്ക് ഒരുപാട് സമ്പത്തുണ്ട് അത് മക്കയിൽ നിന്ന് നിനക്ക് ലഭിച്ചതാണ്. അതുകൊണ്ട് നീ ഹിജ്റ പോവുകയാണെങ്കിൽ മക്ക നിനക്ക് നൽകിയ സമ്പത്ത് മുഴുവനും ഇവിടെ ഉപേക്ഷിച്ചു പോകണം. അദ്ദേഹം ഒരു നിമിഷം പോലും ആലോചിച്ച് നിക്കാതെ അവരോട് പറഞ്ഞു ഞാൻ എന്റെ എല്ലാ സമ്പത്തും ഇവിടെ ഉപേക്ഷിച്ചാൽ ഹിജ്റ പോകാൻ അനുവദിക്കുമോ അവർ സമ്മതം മൂളി. അദ്ദേഹം സമ്പത്ത് മുഴുവനും മക്കയിൽ ഉപേക്ഷിച്ചു. നബി ഈ വിവരം അറിഞ്ഞപ്പോൾ അദ്ദേഹത്തോട് പറഞ്ഞു:- വളരെ ലാഭകരമായ കച്ചവടം ആണ് നിങ്ങൾ നടത്തിയത്, അല്ലാഹു നിങ്ങൾ ബർക്കത്ത് ചെയ്യട്ടെ.

- **സ്വർഗത്തിന് വേണ്ടി സമ്പത്ത് നൽകിയവർ**

الَّذِينَ آمَنُوا وَهَاجَرُوا وَجَاهَدُوا فِي سَبِيلِ اللَّهِ بِأَمْوَالِهِمْ وَأَنفُسِهِمْ أَعْظَمُ دَرَجَةً عِندَ اللَّهِ ۚ وَأُولَٰئِكَ هُمُ الْفَائِزُونَ ﴿٢٠﴾

- ശരീരം നൽകിയവർ.

**4. ശഹീദിന്റെ പ്രതിഫലമില്ലേ?**

- ബദറിൽ വച്ചായിരുന്ന സ്വഹാബിയായ حارثة بن سراقة മരണപ്പെടുന്നത്.
- മുസ്ലിമീങ്ങളുടെ കൈകൊണ്ട് അറിയാതെയാണ് അദ്ദേഹം മരണപ്പെട്ടത്.

- ശക്തമായ ദാഹം അനുഭവപ്പെട്ടപ്പോൾ ഇരുട്ടിൽ അദ്ദേഹം വെള്ളം കുടിക്കുകയാ യിരുന്നു. കാവലിന് നിന്ന സ്വഹാബി ശത്രുവാണെന്ന് കരുതി അമ്പെയ്തു അത് ശരീരത്തിൽ തറച്ച് അദ്ദേഹം മരണപ്പെട്ടു.
- ബദറിൽ വിജയം കൈവരിച്ച നബിയും സ്വഹാബികളും മദീനയിലേക്ക് തിരിച്ച് മടങ്ങുമ്പോൾ മദീനയുടെ ഓരത്ത് حارثة യുടെ ഉമ്മ الربيع بنت النضر കാത്തിരിക്കുന്നുണ്ട്.
- സഹാബികളിൽ ചിലർ പറഞ്ഞു ഹാരിസക്ക് ഷഹീദിന്റെ കൂലിയില്ല. ഇത് കേട്ടപ്പോൾ ആ ഉമ്മ നേരെ നബിയുടെ അടുത്തേക്ക് ചെന്നു ഈ വിഷയത്തിൽ നബിയോട് പരാതി പറയാണ് .

فجاءت أمه الربيع بنت النضر النبي محمد، وقالت: «يا رسول الله، قد عرفت موضع حارثة مني، فإن كان في الجنة صبرت، وإلا رأيت ما أصنع». فقال: «يا أم حارثة إنها ليست بجنّة واحدة، ولكنها جنان كثيرة

നബി അവരോട് പറഞ്ഞു ഹാരിസ് ഒരു സ്വർഗ്ഗം അല്ല ഒരുപാട് സ്വർഗ്ഗമാണ് ആണ് നാളെ പരലോകത്ത് ലഭിക്കുന്നത്.

- അതായിരുന്നു നമ്മുടെ മുൻഗാമികൾ അവർക്ക് എല്ലാത്തിനേക്കാളും വലുത് സ്വർഗ്ഗം ആയിരുന്നു.
- അതിനാൽ അതിനു വേണ്ടി പണിയെടുക്കുക.

---

- റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+966581416662) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.